Draft #3 of File 37907/ACB1 SO/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 14-Sep-2020 03:54 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ്/ സർക്കാർ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസ്സർ/ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മറ്റിയിലേക്ക് വിഷയ വിദഗ്ധരെ/ വിദ്യാഭ്യാസ വിചക്ഷണരെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള പാനൽ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 4041/AC B 1/2020/എം.ജി.യു                                    പ്രിയദർശിനി ഹിൽസ്,തീയതി: 14.09.2020

---

*പരാമർശം:*-1) 19.10.2019 തീയതിയിലെ 5020/ACL/2019/MGU നമ്പർ സർവ്വകലാശാല ഉത്തരവ്

2) 10.01.2020 തീയതിയിലെ 141/ACL/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്

3) 26.08.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: ഒ.എ.4/20.04/37907/ACB1 SO/2020/REG SECT

**ഉത്തരവ്**

യു.ജി.സി റെഗുലേഷൻ 2018, പരാമർശം (1) പ്രകാരം, സർവകലാശാലയിൽ നടപ്പിലാക്കിയിരുന്നു. കൂടാതെ പരാമർശം (2) പ്രകാരം 01.01.2020 മുതലുള്ള അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടികൾക്കും യു.ജി.സി റെഗുലേഷൻ 2018 ബാധകമാക്കുന്നതിനും തീരുമാനിച്ചിരുന്നു.

ന്യൂനപക്ഷേതര വിഭാഗത്തിൽപ്പെട്ട അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിൽ, അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മറ്റിയിൽ, യു.ജി.സി റെഗുലേഷൻ 2018, V a (iv) പ്രകാരം, രണ്ട് പ്രതിനിധികളെയും (ഒരാൾ വിഷയ വിദഗ്ധൻ), യു.ജി.സി റെഗുലേഷൻ 2018, V a (v) പ്രകാരം സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച വിഷയ വിദഗ്ധരുടെ പാനലിൽ നിന്നും കോളേജുമായി ബന്ധമില്ലാത്ത 5 പേരെയും വൈസ് -ചാൻസലർ നാമനിർദ്ദേശം/ശിപാർശ ചെയ്യേണ്ടതായുണ്ട്.

അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് യു.ജി.സി റെഗുലേഷൻ 2018, VIII A a (iii), iv, vi എന്നിവ പ്രകാരം വൈസ് -ചാൻസലർ സർവകലാശാല പ്രതിനിധികളെ നാമനിർദ്ദേശം/ശിപാർശ ചെയ്യേണ്ടതുണ്ട്.

യു.ജി.സി റെഗുലേഷൻ 2018, VIII A a (iii) പ്രകാരം, ന്യൂനപക്ഷേതര വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളാണെങ്കിൽ വൈസ്-ചാൻസലറുടെ രണ്ട് പ്രതിനിധികളെ (ബന്ധപ്പെട്ട വിഷയത്തിൽ/മേഖലയിലുള്ള ഉന്നത വിദ്യാഭ്യാസ വിദഗ്ധർ, അതിൽ ഒരാൾ സർവകലാശാലയുമായി യാതൊരു ബന്ധമില്ലാത്തയാളും) അനുവദിക്കേണ്ടതുണ്ട്. ന്യൂനപക്ഷ സ്ഥാപനമാണെങ്കിൽ 5 പ്രതിനിധികളെയും (ന്യൂനപക്ഷ വിഭാഗത്തിൽ നിന്നാണെങ്കിൽ അഭികാമ്യം, ഒരാൾ വിഷയ വിദഗ്ധൻ

ആയിരിക്കണം) വൈസ്-ചാൻസലർ ശിപാർശ ചെയ്യേണ്ടതുണ്ട്.

VIII A a (iv) പ്രകാരം സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച 6 വിദഗ്ധരുടെ പാനൽ (കോളേജ് പ്രിൻസിപ്പൽ, പ്രൊഫസ്സർ,പ്രൊഫസ്സർ റാങ്കിൽ കുറയാത്ത റാങ്കിലുള്ള വിദ്യാഭ്യാസ വിചക്ഷണർ എന്നിവർ ഉൾപ്പെടുന്നത്) സർവകലാശാല നൽകേണ്ടതുണ്ട്.

VIII A a (vi) പ്രകാരം, ന്യൂനപക്ഷേതര വിഭാഗത്തിൽപ്പെട്ട സ്ഥാപനമാണെങ്കിൽ, സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച വിഷയ വിദഗ്ധരുടെ പാനലിൽ നിന്നും 5 പേരെയും (കോളേജുമായി ബന്ധമില്ലാത്തവർ), ന്യൂനപക്ഷ സ്ഥാപനമാണെങ്കിൽ സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച വിഷയ വിദഗ്ധരുടെ പാനലിൽ നിന്നും (സർവകലാശാലയുമായി ബന്ധമില്ലാത്തത്, ന്യൂനപക്ഷ വിഭാഗത്തിൽ നിന്നാണെങ്കിൽ അഭികാമ്യം) 5 പേരെയും വൈസ് -ചാൻസലർ ശിപാർശ ചെയ്യേണ്ടതായുണ്ട്.

അസിസ്റ്റന്റ് പ്രൊഫസ്സർ, പ്രിൻസിപ്പൽ നിയമനത്തിനായുള്ള അപേക്ഷകരുടെ പട്ടികയിൽ എസ്.സി, എസ്.റ്റി, ഒ.ബി.സി, വനിതകൾ, ന്യൂനപക്ഷം, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ ഉൾപ്പെടുകയും, സെലക്ഷൻ കമ്മറ്റിയിൽ പ്രസ്തുത വിഭാഗങ്ങളുടെ പ്രതിനിധിയില്ലാതിരിക്കുകയും ചെയ്താൽ,പ്രസ്തുത വിഭാഗങ്ങളെ പ്രതിനിധാനം ചെയ്ത്, അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനത്തിന് യു.ജി.സി റെഗുലേഷൻ 2018, V a (vi) പ്രകാരവും, പ്രിൻസിപ്പൽ നിയമനത്തിന്, യു.ജി.സി റെഗുലേഷൻ 2018, VIII A a (v) പ്രകാരവും അക്കാദമിഷ്യനെ വൈസ് -ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതായുണ്ട്.

മേൽ സാഹചര്യത്തിൽ എയ്ഡഡ്/സർക്കാർ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസ്സർ/പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മറ്റിയിലേക്ക് വിഷയവിദഗ്ധരെ/വിദ്യാഭ്യാസ വിചക്ഷണരെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള പാനൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച, 26.08.2020 -ന് കൂടിയ സിൻഡിക്കറ്റ് യോഗം, പരാമർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു,

"എയ്ഡഡ്/ സർക്കാർ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ/ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയിലേക്ക് വിഷയ വിദഗ്ധരെ/ വിദ്യാഭ്യാസ വിചക്ഷണരെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള പാനൽ അംഗീകരിക്കുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #3 of File 37907/ACB1 SO/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 14-Sep-2020 03:54 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

പകർപ്പ്

1.വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

2.രജിസ്ട്രാറുടെ/ പരീക്ഷ കൺട്രോളറുടെ പി.എ

3.എസി സി 1/2 സെക്ഷൻ

4.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി

5. റെക്കോർഡ്സ് സെക്ഷൻ

6. കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 37907/ACB1 SO/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 14-Sep-2020 03:54 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം